"ഭരണഭാഷ മാതൃഭാഷ"

യുജിസി സെൽ 2 / 3744 / 2021

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ പി ഓ ,
തിരുവനന്തപുരം-695 033
തീയതി: 03.02.2021

**<u>പരിപത്രം</u>**

വിഷയം:- കോ വി വ-യുജിസി 2018 റെഗുലേഷൻ കാലയളവിലെ അധ്യാപകരുടെ പ്ലെയ്സ് മെൻറ് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന :- സ ഉ (ആർ ടി ) നം 724 / 2020 / ഉ വി വ തീയതി :05 .06 .2020

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ യുജിസി 2018 റെഗുലേഷൻ കാലയളവിലെ പ്ലെയ്സ്മെൻറ് അനുവദിക്കുന്നതിന് സൂചന ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട് .

ഈ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെയും, ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലെയും ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെയും അധ്യാപകരുടെ 18 .07 .2018 മുതലുള്ള കാലയളവിലെ പ്ലെയ്സ് മെന്റ് പ്രൊപ്പോസലുകൾ (ഈ സർക്കുലർ തീയതി മുതൽ മൂന്ന് മാസം വരെ ഡ്യൂ ആകുന്ന ) യുജിസി 2018 റെഗുലേഷനിലെ കരിയർ അഡ്വാൻസ്മെന്റ് സ്കീം (CAS ) പ്രകാരം അതത് കോളേജുകളിലെ സ്ക്രീനിംഗ് കം ഇവാല്യൂവേഷൻ കമ്മിറ്റിക്ക് 20 .02 .2021 ന മുൻപായി സമർപ്പിക്കേണ്ടതാണ് .

ഗവൺമെന്റ് എൻജിനീയറിംഗ് ,ഗവ. പോളി ടെക്നിക്ക് ,ഗവൺമെന്റ് ലോ കോളേജുകൾ, ഗവൺമെന്റ് ആയുർവേദ, മെഡിക്കൽ കോളേജുകളിലെയും ഈ വകുപ്പിന് കീഴിലുള്ള അധ്യാപകരുടെ പ്ലെയ്സ് മെന്റ് പ്രൊപ്പോസലുകൾ അതത് കോളേജ് പ്രിൻസിപ്പൽ മുഖേന സമീപസ്ഥലത്തെ അതേ വിഷയം കൈകാര്യം ചെയ്യുന്ന ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ സ്ക്രീനിംഗ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ് .

പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനും, സ്ക്രീനിംഗ് കം ഇവാല്യുവേഷൻ കമ്മിറ്റി കൂടുന്നത് സംബന്ധിച്ചുമുള്ള വിശദമായ മാർഗ നിർദേശങ്ങളും പ്രൊഫോർമയുടെയും, മറ്റ് ഫോമുകളുടെ മാതൃകയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു .

കോളേജുകളിൽ സ്ക്രീനിംഗ് കം ഇവാല്യുവേഷൻ കമ്മിറ്റി കൂടി മിനിട്സ് സഹിതം പ്ലെയ്സ്മെന്റ് പ്രൊപ്പോസലുകൾ DDFS മുഖേന ഈ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി 15 .03 .2021 .

സ്ക്രീനിംഗ് കം ഇവാല്യുവേഷൻ കമ്മിറ്റിയിലേക്ക് അതത് വിഷയങ്ങളിലെ വിഷയ വിദഗ്ദ്ധ പാനൽ നാമനിർദേശം ചെയ്ത് ലഭിക്കുന്നതിനായി അതാത് കോളേജുകൾ അഫിലിയേറ്റ് ചെയ്തിരിക്കുന്ന യൂണിവേഴ്സിറ്റിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ് .

Approval Valid

Digitally Approved By
വിഘ്നേശ്വരി വി ഐ.എ.എസ്സ്
Date: 03.02.2021
Reason: Approved

*ഒപ്പ്/-*

**വിഘ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1 .പ്രിൻസിപ്പാൾ ,ഗവ ആർട്സ് ആൻറ് സയൻസ് ,ട്രെയിനിംഗ് ,ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന ).

2 .സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).

3 .കരുതൽ ഫയൽ / നടപ്പ് ഫയൽ